## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

16.12.2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 4228

### എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഐ.ടി വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി .ജി) എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. എസ്.എസ്.ഡി.ജി. വഴിയുള്ള ആദ്യഘട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട് . |
| (ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഇതിനായി രൂപം നല്കിയ പോർട്ടൽ http://eservices.kerala.gov.in എന്ന വിലാസത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഈ പോർട്ടൽ വഴി വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഗ്രാമവികസനം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളുടെ 6 സേവനങ്ങൾ നിലവിൽ ലഭ്യമാണ്. |
| (സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (സി) കേരള സ്റ്റേറ്റ് ഐ. റ്റി. മിഷൻ മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതി വിവിധ സർക്കാർ വകുപ്പുകളും, സി-ഡാക്ക്,സി- ഡിറ്റ്, ഐ & പി. ആർ. ഡി, എൻ ഡി എം എൽ, സ്റ്റേറ്റ് ഇ-മിഷൻ ടീം എന്നിവരുടെയും സഹകരണത്തോടെയാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. |
| (ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | (ഡി) വിവരാധിഷ്ഠിത സേവനങ്ങൾ, ഓൺലൈൻ സേവനങ്ങൾ എന്നീ രണ്ട് തരത്തിലുള്ള സേവനങ്ങളാണ് സ്റ്റേറ്റ് ഇ-സർവ്വീസ് പോർട്ടൽ വഴി നൽകുന്നത്.<br>1. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ കുറിച്ചുള്ള വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിയമങ്ങളുടേയും ചട്ടങ്ങളുടേയും പകർപ്പുകൾ, ജില്ലാ, ബ്ലോക്ക്, വില്ലേജ് അടിസ്ഥാനത്തിലുള്ള അക്ഷയ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയ |

വിവരാധിഷ്ഠിത സേവനങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാണ്.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, സംസ്ഥാന ജല അതോറിറ്റി, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകൾ നൽകി വരുന്ന ഓൺലൈൻ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

| **SL. No.** | **Department** | **Service** |
|---|---|---|
| 1 | Kerala Water Authority | Application for new water connection |
| 2 | VHSE | Application for Migration Certificate |
| 3 | VHSE | Application for Equivalency Certificate |
| 4 | VHSE | Application for Duplicate Certificate |
| 5 | Rural Development | Application for NREGA Job |
| 6 | Rural Development | Application for IAY |

**സെക്ഷൻ ഓഫീസർ**